പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3525 | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|

## ഐ.ജി.എം.എസ്.വൈ കേന്ദ്ര പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ആർ.രാജേഷ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സ്ത്രീകളുടെയും കുട്ടികളുടെയും പോഷണ കുറവ് പരിഹരിക്കാനുള്ള പദ്ധതികളുടെ നിർവ്വഹണം അവലോകനം ചെയ്തിട്ടുണ്ടോ; ഇപ്പോഴുള്ള പദ്ധതികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (എ) ഉണ്ട്. പ്രസ്തുത പദ്ധതി സ്ത്രീകളുടെയും കുട്ടികളുടെയും പോഷണകുറവ് പരിഹരിക്കുന്നതിന് പര്യാപ്തമാണ്. |
| (ബി) | ഐ.ജി.എം.എസ്.വൈ കേന്ദ്ര പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുമോ; ഏതെല്ലാം ജില്ലകളെയാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്; മാനദണ്ഡമനുസരിച്ച് അർഹതയുള്ള മറ്റു ജില്ലകൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; അതിനായി എന്തെല്ലാം ശ്രമങ്ങൾ നടത്തുകയുണ്ടായി; വിശദമാക്കാമോ; | (ബി) ഐ.ജി.എം.എസ്.വൈ കേന്ദ്ര പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി ആവശ്യമുണ്ട്. കേരളത്തിൽ പാലക്കാട് ജില്ലയെയാണ് ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. മലപ്പുറം, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം എന്നീ 5 ജില്ലകളെ തെരഞ്ഞെടുക്കാനുള്ള ശുപാർശ കേന്ദ്രസർക്കാരിലേക്ക് അയയ്ക്കുകയുണ്ടായെങ്കിലും കേരളത്തിലെ പാലക്കാട് ജില്ലയെ മാത്രമെ ടി പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളൂ. |
| (സി) | പോഷകാഹാരക്കുറവ് പരിഹരിക്കാൻ മറ്റെന്തെങ്കിലും പുതിയ പദ്ധതി പരിഗണനയിലുണ്ടോ; | (സി) പരിഗണനയിലില്ല. എങ്കിലും സംസ്ഥാനത്ത് പൊതുവായ ഒരു പോഷകാഹാര നയത്തിന് രൂപം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ടി നയം നടപ്പിലാക്കിയാൽ നയത്തിനനുസൃതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ